PRESIDENT: I have received a short notice question namely :—

"Whether Government will be pleased to state who conducted the prosecution against the Directors of the Travancore National and Quilon Bank case before the District Magistrate ; who paid for the Special Prosecutor engaged for the purpose ; what is the amount paid ; whether the case has been committed to the Sessions ; and if so, whether Government propose to engage any Special Prosecutor from outside and whether they have considered the cost of it ?"

This question will be answered tomorrow.

I have received a motion for adjournment from Mr. Kainikara M. Padmanabha Pillai.

"I beg leave to move the adjournment of the business of the House to discuss a definite matter of urgent public importance namely the increasing hardships and helplessness caused to Travancoreans, already suffering from the dumping of Ceylon copra and the imposition of prohibitive import duties on several Travancore goods, by the recent ban imposed in the immigration of unskilled Indian labour into Ceylon and the disbanding of daily paid workers in Ceylon Government service."

The matter is of urgent public importance and I consider that the motion can be discussed. I wish to know whether anybody objects to that.

Since no objection is forthcoming, the motion will be discussed tomorrow after the other business of Government is over. I don't fix the time at 3 0' clock because it is not expected that Government business tomorrow will take more than two or three hours. So, at the end of it the adjournment motion will be discussed.

NEW MEMBER SWORN IN.

The following member took the oath and signed the Rolls.

Mr. E. G. Salter (*Superintendent of Transport*) :

DEMANDS FOR GRANTS—(*contd.*)

DEMAND XV—INDUSTRIES INCLUDING CLAY REFINING AND PORCELAIN FACTORY—(*contd.*)

Motion No. 570—(*contd.*)

MR. C. KUMARA DAS: Sir, I was explaining last evening what was being done in regard to the organising of the smaller industries. I have also indicated how it is proposed to take up the question of a survey of our industries, along with the next census. I was dealing with the question of the utilisation of electricity for the development of our industries, when the House adjourned last evening.

Sir, electricity can be used mainly for two or three industrial purposes, (1) as motive power, (2) to bring about chemical changes, and (3) to induce magnetism for the separation of mineral sands. Of these three, we are mainly concerned only with the first two.

LIBRARY ARCHIVES Kerala Legislative Assembly

[Mr. C. Kumara Das.]

In regard to the question of utilising electricity as motive power for our industries, the department has been trying to introudce power looms in place of the fly shuttle looms which are now in use in large numbers. We are trying it wherever possible. Government are not taking up this work but are trying to induce the people to take to power looms. Electricity may also be used for oil mills, lathes and equipment like that in workshops, and also for turning wheels in potteries. Government are quite alive to the necessity for making the best use of the electricity that will be available shortly.

As regards the utilisation of electricity for bringing about chemical changes, that cannot be done on any cottage industry scale; it can be done only on a large factory scale. As I stated under another motion, Government have already gone into the question of the possibility of manufacturing caustic soda, washing soda etc., out of salt. A proposal to manufacture alluminium is now before Government; if that fructifies, it will be a great consumer of electricity. As I have already stated, Government are fully alive to the need for utilising our electricity which will be available very shortly; and some investigations have already been made with a view to acheving that.

MR. S. NARAYANA PILLAI: I do not press the motion. The motion was, by leave, withdrawn.

Motion No. 571.

MR. P. S. MUHAMED: സർ, ഇൻഡസ്ട്രീസ് ഡയറക്ഷനിലേക്ക കൊള്ളിച്ചിട്ടുള്ള നമ്പർ ഒ ൽ ശമ്പളത്തിൽനിന്നും പത്തുരൂപാ കുറയ്ക്കണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. C. JEBAMONY NADAR: On a point of order, Sir; the mover has not mentioned the object of his motion.

PRESIDENT: That is only a convention; there is no statutory rule insisting on that. I cannot therefore rule out the motion.

MR. PUTHUPALLI S. KRISHNA PILLAI: There is no legal objection to the motion being admitted; because, other honourable members are not obliged to confine their observations, on the motion, to the object of the mover as mentioned in the printed list of motions.

PRESIDENT: Unless the mover indicates his object, the official member may not be in a position to reply. That is the difficulty.

MR. P. S. MUHAMED: സർ, ഈ ഉപക്ഷേപത്തെ ഞാൻ കാരണമൊന്നും കാണിക്കാതെയാണ് അവതരിപ്പിച്ചിട്ടുള്ളത്. എന്നാൽ എന്റെ മറ്റൊരു ഉപക്ഷേപംകൊണ്ട് ഞാൻ പറയാൻ ഉദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ സംസാരിക്കുവാൻ എനിക്ക് അവസരമുണ്ടാകുമെന്നു കരുതി ഈ ഉപക്ഷേപം ഞാൻ ഇപ്പോൾ അവതരിപ്പിക്കുന്നില്ല.

PRESIDENT: The Honourable member may speak on that under motion No. 575.

LIBRARY ARCHIVES Kerala Legislative Assembly

Motion Nos. 572 to 574.

The following motions were not made :—

MR. P. SIVARAMA PILLAI :

572. To reduce the allotment of Rs. 43,548 for Industrial Education by Re. 1.

MR. P. SIVARAMA PILLAI :

573. To reduce the allotment of Rs. 9,335 for Industrial Engineer and Chief Boiler Inspector by Re. 1.

MR. THAMARAPALLIL KOCHUTHOMMEN :

574. To reduce the allotment of Rs. 2,427 for Sales Depot and Minor Industries by Rs. 5.

Motion No. 575.

MR. P. S. MUHAMMED : സർ, സെയിൽസ് ഡിപ്പോ, മൈനർ ഇൻഡസ്ട്രീസ് എന്നീ ഇനങ്ങളിലുള്ള ഡിമാന്റ് ഞാൻ മൂവ് ചെയ്യണമെന്നുള്ള ഉപക്ഷേപത്തെ ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

ഗവണ്മെന്റിന്റെ ഉദ്ദേശം തിരുവിതാംകൂറിൽ വ്യവസായം വർദ്ധിപ്പിക്കണമെന്നുള്ളതാണ്. ഫാക്ടറി ഇൻഡസ്ട്രീസും കാട്ടേജ് ഇൻഡസ്ട്രീസും—രണ്ടും പ്രയോജനപ്രദമായ നിലയിൽ വളർത്തിക്കൊണ്ടുവരണമെന്നാണ് ഗവണ്മെന്റ് ആഗ്രഹിക്കുന്നത്. ഫാക്ടറി ഇൻഡസ്ട്രീസിന്റെ വളർച്ചയ്ക്കുവേണ്ടി കാട്ടേജ് ഇൻഡസ്ട്രിയെ നശിപ്പിക്കാനോ, കാട്ടേജ് ഇൻഡസ്ട്രിയെ രക്ഷിക്കുന്നതിനുവേണ്ടി ഫാക്ടറി ഇൻഡസ്ട്രിയെ നാമാവശേഷമാക്കാനോ അല്ല ഗവണ്മെന്റിന്റെ ഉദ്ദേശം എന്നിക്കറിയാം. എന്നാൽ ഈ രണ്ടുതരത്തിലുമുള്ള വ്യവസായങ്ങളും മുൻപോട്ട് പോകുന്നതിനു ചില പ്രത്യേക സംഗതികൾക്കുവേണ്ടി ഗവണ്മെന്റ് ചെയ്യേണ്ടതായിട്ടുണ്ട്. ഇവിടെ, ഫാക്ടറി വ്യവസായങ്ങൾ എന്ന നിലയിൽ നടത്തുന്ന പല വ്യവസായങ്ങളും കാട്ടേജ് ഇൻഡസ്ട്രികളായി നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇവിടത്തെ കയറുപായ നെയ്ത്തു വ്യവസായം ഏറ്റവും പ്രധാനമായ ഒരു വ്യവസായമാണ്. അത് ഫാക്ടറി ഇൻഡസ്ട്രിയായിട്ടും കാട്ടേജ് ഇൻഡസ്ട്രിയായിട്ടും നടക്കുന്നുണ്ട്. ഫാക്ടറി ഇൻഡസ്ട്രിയുടെ വളർച്ചയ്ക്കു അവിടെ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ഗുണത്തിനുംവേണ്ടി ഗവണ്മെന്റിനു പല നിയമങ്ങളും നടപ്പിൽ വരുത്തേണ്ടതായിട്ടുണ്ട്. എന്നാൽ അതു ചെയ്യുമ്പോൾ കാട്ടേജ് ഇൻഡസ്ട്രിയിൽ ഏർപ്പെട്ടിരിക്കുന്ന വ്യവസായികൾക്കു ആപത്കരമായിരിക്കാൻ ഇടയാക്കിക്കൂടാ എന്നുള്ള സംഗതിക്കുവേണ്ടി ഗവണ്മെന്റ് ധരിച്ചിരിക്കേണ്ടതാണ്. ഇന്നു കയർ ഫാക്ടറികളിൽ ജോലിചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhammed.]

തൊഴിലാളികളാണ് വ്യവസായതൊഴിലാളികളെന്ന നിലയിൽ സംഘടിച്ചു പ്രവത്തിച്ചുവരുന്നതു്. അവക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കേണ്ടതു് വളരെ അത്യന്താപേക്ഷിതമാണെന്നുള്ളതുപോലെതന്നെ മറ്റൊരു കാര്യംകൂടി ഗവണ്മെൻറ് അറിയേണ്ടതായിട്ടുണ്ട്. ഈ സംഘടിതവ്യവസായതൊഴിലാളികൾ ചില പ്രക്ഷോഭണങ്ങളിൽ അപ്പപ്പോൾ ചെന്നു ചാടുകയും അവരെ അനുകരിച്ചു കാട്ടേജു ഇൻഡസ്ട്രിയിൽ ഏർപ്പെട്ടിരിക്കുന്ന വ്യവസായികൾകൂടി ഈ പ്രക്ഷോഭണങ്ങളിൽ ഏർപ്പെടുവാൻ ഇടയാകയും ചെയ്യും. അതിന് ഒരിക്കലും സൗകര്യം കൊടുത്തുകൂടാ. അതുകൊണ്ടു ഫാക്ടറി തൊഴിലാളികളെ സംബന്ധിച്ചു ഏതെങ്കിലും ഒരു വ്യവസ്ഥ ചെയ്യുമ്പോൾ അതു് കാട്ടേജ് ഇൻഡസ്ട്രിയെ ബാധിക്കാതിരിക്കത്തക്കവിധത്തിൽ പ്രത്യേകം നോക്കേണ്ടതാണ്. ഇന്നു്, നാലും അഞ്ചും പത്തും പതിനഞ്ചും തറികളിട്ടു വേലചെയ്യുന്ന അനവധി സ്ഥാപനങ്ങൾ ഉണ്ട്. അവ ഒരു കാട്ടേജ് ഇൻഡസ്ട്രി എന്ന നിലയിൽ നടത്തപ്പെടുന്നു ഫാക്ടറി ഇൻഡസ്ട്രിയെക്കാൾ വ്യത്യസ്തമായ നിലയിലാണു താനും ഇതു നടത്തുന്നതു്. ഫാക്ടറി ഉടമസ്ഥന്മാർ മിക്കവാറും ഇവിടത്തെ ഭൂസ്വത്തുടമസ്ഥന്മാർ കൂടിയാണ്. ഇവരുടെ ഭൂമിയിൽ താമസിക്കുന്നവർ ഇവരെ ആശ്രയിച്ചുതന്നെയാണു ജീവിക്കുന്നതു്. എന്നാൽ എല്ലാ സമയത്തും ഇവക്കു ജോലി കൊടുക്കുവാൻ അന്യാഹം സാധിക്കയില്ല. അതുകൊണ്ടു് മറുതരത്തിൽ ആദായകരമായ ഒരു പ്രവത്തനം എന്ന നിലയിലും ഈ അനേകം സാധുക്കൾക്കു ജോലി കൊടുക്കുവാനുള്ള ഒരു ഉപകരണം എന്ന നിലയിലും ചെറിയ ചെറിയ തറികളിട്ടു് ചിലർ ഫാക്ടറികൾ നടത്തുകയും ചെയ്യുന്നുണ്ട്. അവിടെ കൃഷിജോലിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്കുതന്നെ സന്ദർഭംപോലെയും സൗകര്യംപോലെയും, ഈ ഫാക്ടറികളിൽ വന്നു് ജോലി ചെയ്യുന്നതിനുള്ള സൗകര്യവുമുണ്ട്. ഇവർ ഫാക്ടറി തൊഴിലാളികളുടെ ഗണനയിൽപെട്ടു നില്ക്കുകയാണെങ്കിൽ ഫാക്ടറി തൊഴിലാളികൾ കാണിക്കുന്ന കാര്യങ്ങളെല്ലാം ഇവരും കാണിക്കുകയും കാട്ടേജ് ഇൻഡസ്ട്രിയെ അതു സാരമായ വിധത്തിൽ ബാധിക്കയും ചെയ്യും. അങ്ങിനെ, വ്യവസായത്തിലും കൃഷിയിലും ഉൾപ്പെട്ട തൊഴിലാളികൾ എല്ലാവരും ഒരുമിച്ചുചേർന്നു് ഒരേസമയത്തു് ഈ രാജ്യത്തെ വിഷമിപ്പിക്കാമെന്നു വിചാരിച്ചാൽ അതു രാജ്യത്തിനുതന്നെ വലിയ ആപത്തായിരിക്കും. അതുകൊണ്ടു ഗവണ്മെൻറ് ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

കാട്ടേജ് ഇൻഡസ്ട്രിക്കാരും ഫാക്ടറി ഇൻഡസ്ട്രിക്കാരും തമ്മിൽ മറൊരു മത്സരമുണ്ട്. ഇന്ന് അവർതമ്മിൽ വളരെ സൗഹാർദ്ദമായിട്ടു കഴിഞ്ഞുകൂടുന്നുവെങ്കിലും തൊഴിലാളികളിൽനിന്നുതന്നെ അവരെപ്പറ്റി ഒരു പരാതി ഉണ്ടായിട്ടുണ്ട്. അതായതു് കാട്ടേജ് ഇൻഡസ്ട്രിയിൽ വില കുറച്ചു സാധനങ്ങൾ വിൽക്കുന്നതിനുള്ള സൗകര്യങ്ങളുള്ളതുകൊണ്ടു് ഫാക്ടറി ഇൻഡസ്ട്രിക്കാർ ചിലപ്പോൾ കാട്ടേജ് ഇൻഡസ്ട്രിയിൽത്തന്നെ ആവശ്യമുള്ള സാധനങ്ങൾ നിർമ്മിച്ചു് വാങ്ങിക്കയും കുറഞ്ഞ വില കൊടുക്കുകയും ചെയ്യുന്നുവെന്നുള്ളതാണു്. അതുകൊണ്ടു – തൊഴിലാളികളുടെ കൂലി വളരെ കുറഞ്ഞുപോകുന്നു എന്നാണു് അവരുടെ പരാതി. കാട്ടേജ് ഇൻഡസ്ട്രിയിൽ ഉണ്ടാക്കുന്ന സാധനങ്ങൾക്കു മറുള്ളിടത്തുണ്ടാക്കുന്നതിനെ അപേക്ഷിച്ചു വില കുറഞ്ഞിരിക്കുന്നതിനുള്ള സൗകര്യമുണ്ടു്. എന്നാൽ ഗവണ്മെൻറു കൂടുതൽ ശ്രദ്ധിക്കുന്നപക്ഷം ഈ വിലക്കുറവു് ഉണ്ടാക്കാതിരിക്കുവാൻ കഴിയും. ഇവിടെയുണ്ടാക്കുന്ന സാധനങ്ങൾ ഗവണ്മെൻറു് ഏറെറടുത്തു് സെയിൽസ് ഡിപ്പോകൾ ഏർപ്പെടുത്തി അവിടെവച്ചു വിറ്റഴിക്കുന്നതിനുള്ള സൗകര്യംമാത്രം ചെയ്തുകൊടുത്താൽ മതി. ഇപ്പോൾ വലിയ ഫാക്ടറി ഉടമസ്ഥന്മാർ പറയുന്ന വിലയ്ക്കു് ആ സാധനങ്ങളെല്ലാം അവർക്കുതന്നെ വിൽക്കുകയാണു ചെയ്യുന്നതു്. ഈ മത്സരം, അതിന്റെ മൂലകാരണത്തെപ്പറ്റി ചിന്തിക്കാതെ, ഏതെങ്കിലും ഒരു വശംമാത്രം നോക്കിക്കൊണ്ടു് എന്തെങ്കിലും പ്രതിവിധി ചെയ്യൽ, നിലയ്ക്കുമെന്നു് എനിക്കു തോന്നുന്നില്ല. അതുകൊണ്ടു് തൊഴിലാളികളുടേയും മുതലാളികളുടേയും മത്സരം ഒരിക്കലും മാറുമെന്നും ഞാൻ വിചാരിക്കുന്നില്ല. എന്നാൽ തൊഴിലാളികൾക്കു വേണ്ട ഗുണങ്ങൾ ചെയ്യേണ്ടതുപോലെതന്നെ ആവശ്യമില്ലാത്ത ചില കാര്യങ്ങൾ ഇടയ്ക്കു കൊണ്ടുവന്നു് ഗവണ്മെൻറിനേയും മറുള്ളവരേയും വിഷമിപ്പിക്കുന്നതിനുള്ള സന്ദർഭങ്ങൾ ഉണ്ടാക്കാതെ സൂക്ഷിക്കയും വേണം.

തിരുവിതാംകൂറിലെ തൊഴിലാളിസംഘടന ആദ്യമായി ഏർപ്പെടുത്തിയതു ഞാനാണു്. അന്നു് അതിന്റെ ആവശ്യമുണ്ടായിരുന്നു. അതു് ഇന്നും, ഇനിമേലും, ആവശ്യംതന്നെയാണു്. എന്നാൽ അതു് റഷ്യയിലെപ്പോലെ മുതലാളിമാരെ നശിപ്പിക്കണമെന്ന ഉദ്ദേശത്തോടുകൂടി ഏർപ്പെടുത്തിയിട്ടുള്ള ഒരു സ്ഥാപനമല്ലായിരുന്നു. തൊഴിലാളികളും മുതലാളികളും നന്നാകണമെന്നും രണ്ടുകൂട്ടരും സ്നേഹത്തോടുകൂടി മുൻപോട്ടു പോകണമെന്നുള്ള ഉദ്ദേശത്തോടുകൂടിമാത്രമായിരുന്നു അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhammed.]

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എന്നാൽ, നിർഭാഗ്യവശാൽ, ചില രാഷ്ട്രീയ പ്രവർത്തനങ്ങളുടെ അനാവശ്യമായ ചരടുപിടിത്തംകൊണ്ട് ചില സന്ദർഭങ്ങളിൽ തൊഴിലാളികളെ ചിലർ ലഘുവായ ആയുധങ്ങളാക്കി ഉപയോഗിക്കുവാൻ തുടങ്ങി. ഇതുനിമിത്തം ചില സ്ഥലങ്ങളിൽ തൊഴിലാളി മുതലാളി സൗഹാർദ്ദത്തിനു് അല്പം ചില ഇടിവുകൾ വന്നിട്ടുണ്ട്. അവരെ എന്തുമെന്തും സൗഹാർദ്ദത്തിൽ നിലനിറുത്തുക്കുവിധത്തിലുള്ള സൗകര്യങ്ങളെല്ലാം ഗവണ്മെൻറിൽനിന്നും ചെയ്തുകൊടുക്കണമെന്നു പ്രസ്താവിച്ചുകൊണ്ട് ഞാൻ ഈ ഉപക്ഷേപത്തെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. M. L. JANARDHANAN PILLAI: Sir, I am very happy to agree with many of the observations made by the Honourable member Mr. P. S. Muhammed. It is indeed a matter for considerable gratification that, during the last two or three years, there has been a systematic attempt on the prat of Government to help labour in very many material ways. Many labour laws have recently been enacted. The employers now recognise that Government have always been solicitous for the welfare, of labour, and as a body the employers in Travancore are quite willing to co-operate with Government in all their attempts to bring about friendly relations with the employees.

But for the fact that certain unfortunate political activities and sentiments had been imbibed by the labour world and but for the fact that labour world thought that they could terrorise both capital and the Government in Travancore at a particular psychological moment, the progress both to labour and to industry would have been considerable. Thanks to one particular fact *viz* Government did not lose their head over all this trouble, now peace and tranquillity has been restored in the industrial world as well as the labour world and I trust that good sense will prevail and make it possible to continue the harmonious relationship which has now almost come to stay and for which certainly Government deserve the thanks both of the industrial community as well as of the labour community.

In regard to the particular motion under discussion, I have to offer a few remarks in regard to the Sales Depot. It has been opened by Government with a very good object in view. But I have to point out that my information is that during the years 1111, 1112, and 1113, the sales have been gradually going down in the Sales Depot and the commission earned has also been going down. I belive I can say that the total amount of loss to Government is somewhere in the neighbourhood of Rs. 3,500 during the last three years. The Sales Depot is organised here in order that it might afford to the tourists and other people who visit Trivandrum opportunities of buying some of our finest industrial products. At the same time, I am decidedly of opinion that

LIBRARY ARCHIVES Kerala Legislative Assembly

it must be run as a commercial concern. Otherwise it will be a failure as can be seen from the past result. I have been trying to understand what articles are sold there. They are articles which could be had in any other shop in Trivandrum excepting perhaps one or two articles. Not only that. There seems to be no endeavour on the part of those who are in charge of the Sales Depot that it must be a self-supporting institution. They are only there to sell the articles to whomsoever that comes and asks for certain articles. Other arrangements must be made by Government to see that it is at least not run incurring loss year after year. Otherwise, those who are in charge of the Sales Depot have no justification for running it and earning their salary. If it is not possible to run it without incurring a loss, it must be given to private agencies. The difficulty appears to be that somewhere about Rs. 50,000 worth of goods are entrusted by various private organisations and therefore if anybody is to be entrusted with the running of this institution he will have to offer adequate security to Government before taking it up.

PRESIDENT: Apart from the things already entrusted to Government by private individuals, is there any organisation willing to take up the running of the Sales Depot?

MR. M. L. JANARDHANAN PILLAI Well, Sir, that idea was put forward by the Dewan-President only now before the country.

PRESIDENT: Are they willing to consider the question of running the Sales Depot?

MR. M. L. JANARDHANA PILLAI: Undoubtedly. I trust that this aspect of the question will receive the consideration of Government so that it may be possible for private individuals or commercial concerns to take it up.

PRESIDENT: Order, order. There has been no hesitation about the policy pursued by Government that in all matters of commercial exploitation and sale, the less Government has to do with that branch of activity the better. For the last three years Government have been appealing to the chambers of commerce and other commercial organisations to take up that work. That offer stands and will stand unless and until it is taken up and implemented. Government does not want to run the Sales Depot but what could it do till it is taken up by a private agency?

MR. THARIYATHU KUNJITHOMMEN: ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊണ്ട് കുടിൽവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള ചില മാർഗ്ഗങ്ങൾ പ്രസ്താവിക്കാമെന്ന് വിചാരിക്കുന്നു. ഈ രാജ്യത്തെ ഐശ്വര്യം കൃഷികൊണ്ടുതന്നെ ഉയർത്തിക്കൊണ്ടുപോകുവാൻ ഇപ്പോൾ വളരെ പ്രയാസമായിട്ടാണിരിക്കുന്നത്. ലോകത്തിന്റെ ഗതി അവിധ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thariyathu Kunjithommen.]

ത്തിലായിട്ടുണ്ട്. നമ്മുടെ രാജ്യത്ത് കൃഷിസ്ഥലത്തിന്റെ ദൗർലഭ്യം കൊണ്ട് കൃഷിയെ മാത്രം ആശ്രയിച്ച് മേലാൽ കഴിഞ്ഞു കൂടുവാൻ നിവൃത്തിയില്ല. ജനസംഖ്യ വർദ്ധിക്കുന്നതനുസരിച്ച് കൃഷിസ്ഥലങ്ങൾ വർദ്ധിക്കുന്നില്ല ഇപ്പോൾ തന്നെ ഒരാളിന് ശരാശരി അര ഏക്കർ ഭൂമിയേയുള്ളൂ. അടുത്ത സെൻസസ് കഴിയുമ്പോൾ ഇതിലും വളരെ കുറവാണെന്നു കാണാം. ഇങ്ങനെ കൃഷിയെമാത്രം ആശ്രയിക്കുന്ന ജനങ്ങൾ സ്ഥലദൗർലഭ്യത്താൽ ദാരിദ്ര്യത്തിൽപ്പെട്ട കഷ്ടപ്പെടുമെന്നു നിശ്ചയമുള്ള സ്ഥിതിക്കു നാം എത്രയും വേഗത്തിൽ വ്യവസായത്തെ കൂടി ആശ്രയിക്കേണ്ടതാണ്. നല്ല മണ്ണും മരവും റബ്ബറും നമുക്കു സുലഭമാണ്. അതുകൊണ്ടു പല വ്യവസായങ്ങളും നടത്താം. കുടിൽ വ്യവസായങ്ങൾ ധാരാളമായിനടക്കുന്ന ജപ്പാനിലെ സ്ഥിതികൾ ഇവിടെ അനുകരിക്കുവാൻ സാധിക്കുമെന്നാണ് എനിക്കു തോന്നുന്നത്. അങ്ങിനെ ചെയ്താൽ നമ്മുടെ ദാരിദ്ര്യത്തെ ഒട്ടെങ്കിലും ശമിപ്പിക്കുവാൻ കഴിയും. യൂറോപ്പിലുള്ളവരെ ഇവിടെ വരുത്തിയതുകൊണ്ടോ അവിടത്തെ സംപ്രദായങ്ങൾ ഇവിടെ പകർത്തിയതുകൊണ്ടോ വലിയ പ്രയോജനം ഉണ്ടാകുമെന്നു തോന്നുന്നില്ല. എന്തെന്നാൽ യൂറോപ്പിൽ ഫാക്ടറി വ്യവസായങ്ങളും വ്യവസായികളും ഏറെ അധികമായിട്ടുള്ളതാണ്. വമ്പിച്ച ഫാക്ടറി വ്യവസായങ്ങൾ നടക്കുന്ന രാജ്യങ്ങളെ അപേക്ഷിച്ച് വിലക്കുറവോടുകൂടി നമ്മുടെ സാധനങ്ങൾ വിറ്റഴിക്കുവാൻ മാർക്കറ്റിൽ സാധിക്കുമെന്നു തോന്നുന്നില്ല. ഇറക്കുമതിയിൽ നിന്നും ബട്ടൻസുകൾ കയറ്റുമതി ചെയ്തുകൊണ്ടിരുന്നപ്പോൾ അമേരിക്കാക്കാർ ചെയ്തതുപോലെയും ഓരോരോ സന്ദർഭങ്ങളിൽ ജപ്പാൻകാർ ചെയ്തതുപോലെയും നമ്മുടെ പ്രാദേശീയ വ്യവസായ സാധനങ്ങൾക്കു എതിരായി ഇറക്കുമതിചെയ്യുന്ന വിദേശീയസാധനങ്ങളിന്മേൽ കുറേക്കാലത്തേയ്ക്കു വലിയ ഇറക്കുമതിച്ചുങ്കം ചുമത്തിയെങ്കിൽ മാത്രമേ ഫാക്ടറി വ്യവസായങ്ങൾ ഇവിടെ പുരോഗമിയ്ക്കയുള്ളൂ. എന്നാൽ നമുക്ക് അതിനു നിവൃത്തിയില്ല. കുടിൽ വ്യവസായങ്ങളുടെ നില അതല്ല. ജപ്പാനിൽ നിന്നാണ് ഇവിടെ കളിക്കോപ്പുകൾ ഗൃഹാലങ്കാരസാധനങ്ങൾ മുതലായവ ധാരാളമായി വരുന്നത്. നമ്മുടെ ഗൃഹത്തിൽ സാധാരണയായി നാം ഉപയോഗിക്കുന്ന പല സാധനങ്ങളും വിദേശങ്ങളിൽ നിന്ന് ഇറക്കുമതിചെയ്യുന്നതാണ് അതെല്ലാം ഇവിടെയുണ്ടാക്കുവാൻ ശ്രമിച്ചാൽ ക്രമേണ സാധിക്കും. കുടിൽ വ്യവസായങ്ങൾ ബാല്യകാലത്തിൽ തന്നെ വിദ്യാർത്ഥികളെ പരിശീലിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

താലൂക്കുതോറും ഓരോ വിദ്യാലയങ്ങളിലെങ്കിലും ഐശ്ചികമായി കൂടിൽ വ്യവസായ പരിശീലനം നടത്തുന്നതിനു ഏർപ്പാടുചെയ്യണം പ്രായമായതിനുശേഷം കൂടിൽ വ്യവസായങ്ങളും പഠിപ്പിക്കുവാൻ പ്രയാസമായിരിക്കും. ഇന്നു വിദ്യാഭ്യാസം ചെയ്തു വരുന്ന യുവാക്കൾക്കു ഇതരവ്യവസായങ്ങളേയും കൃഷിയേയും വെറുക്കുന്നവരായിട്ടാണു കാണുന്നതു്. അവരുടെ പൂർവ്വികന്മാരേക്കാൾ ആവശ്യങ്ങൾ കൂടിയും അവ വഹിക്കുവാനുള്ള ധന സമ്പാദനശക്തി കുറഞ്ഞും വരുന്നു. ഇങ്ങനെ നാളുകൾ പോയാൽ നമ്മുടെ ജനതതി അന്നന്നിനു സാമ്പത്തികമായി അധഃപതിച്ചുവരികയെയുള്ളൂ. ഒരു ചെറിയ തോട്ടവും ഒരു കുടിൽ വ്യവസായശാലയും ഓരോ വിദ്യാലയത്തോടു ചേർന്നും നടത്തണം. നല്ല വിദഗ്ദ്ധന്മാരെ അഭ്യസനം നടത്തുവാൻ നിയമിക്കണം. യൂറോപ്യന്മാരെ വരുത്തുന്നതിൽ ഭേദം കൂടിൽ വ്യവസായത്തിൽ മുന്നിട്ടുനില്ക്കുന്ന ജപ്പനിൽനിന്നു ഇവിടെ വിദഗ്ദ്ധന്മാരെ വരുത്തുന്നതാണു അധികം നല്ലതു, ശമ്പളവും കുറയും. വിദേശികളെ ഇവിടെ വരുത്തുന്നതിൽ ഞാൻ ഒരിക്കലും അനുകൂലിയല്ല. എന്നിരുന്നാലും ഈ മാതിരി ചില കാര്യങ്ങൾക്കു അത്യന്താപേക്ഷിതമാണെന്നുകണ്ടാൽ വിദേശികളെ വരുത്തുന്നതിനവിരോധമില്ല. ബാല്യത്തിൽ നമ്മുടെ കുട്ടികളിൽ കാണുന്ന കൃഷിവ്യവസായങ്ങളിലുള്ള വാസനയെ വികസിപ്പിച്ചുവേണം രാജ്യത്തെ ഐശ്വര്യത്തിൽ ഉയർത്തികൊണ്ടു പോകുവാൻ.

MR. THAMARAPALLIL KOCHUTHOMMEN: ഇവിടെ അനേക വ്യവസായശാലകൾ ഉണ്ടാക്കണമെന്നു ഗവണ്മെൻറു പറയാറുണ്ടു്. എന്നാൽ അതിലേയ്ക്കു കാര്യമായി ഒന്നുംതന്നെ ചെയ്തുകാണുന്നില്ല. തിരുവിതാംകൂറുകാർ അധികപേരും കൃഷിക്കാരാണു്. അതിനാൽ കൃഷിയെ പരിപോഷിപ്പിക്കുന്നതിനായി ഗവണ്മെൻറു കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണു്. നമ്മുടെ രാജ്യത്തിൻറെ നിലയ്ക്കു കൃഷിക്കാരൻ തന്നെ വ്യവസായിയും കച്ചവടക്കാരനും ആയി പ്രവർത്തി നടത്തിവരുന്നു. വൻതോതിലുള്ള വ്യവസായം കൃഷിക്കാരനെ ഗുണപ്പെടുത്തുവാൻ പറ്റുകയില്ല. കൃഷിക്കാരൻറെ വിശ്രമസമയങ്ങളിൽ ആദായകരമായി ചെയ്യാൻ കഴിയുന്ന ചില്ലറ വ്യവസായങ്ങളെ കണ്ടുപിടിച്ചു ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനു ഗവണ്മെൻറു വേണ്ടവിധം ശ്രദ്ധ കൊടുക്കേണ്ടതാണു്. കുറഞ്ഞ മൂലധനത്തിൽ ചെയ്യാൻ കഴിയുന്ന ചെറിയ വ്യവസായങ്ങളും നമ്മുടെ നാട്ടിൽ പ്രചരിപ്പിക്കുവാനുള്ള കഴിവുകളെപ്പറ്റി ഒരു നോട്ടീസ് പ്രിപ്പറേറ്ററി റിപ്പോർട്ടു ചെയ്യാൻ ഒരു കമ്മറ്റിയെ ഏർപ്പെടുത്തേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. Thamarápallil Kochuthommen.]

ഒരു കൃഷിക്കാരനെ വ്യവസായി ആയും വ്യാപാരിയായും കണക്കാക്കാൻ ഇവിടെ ധാരാളമുണ്ടാകുന്ന ഒന്നാണ് ചണ്ണയ്ക്കാ അല്ലെങ്കിൽ കുവയ്ക്കാ ഇതിൽ നിന്നും എടുക്കുന്ന മാവ് പുറത്തേയ്ക്ക് അയയ്ക്കുവാൻ യാതൊരു മാർഗ്ഗവുമില്ലാതിരിക്കയാണ്. അതുപോലെതന്നെ പൈനാപ്പിൾ അടുത്ത കാലത്തു ചിലദേശങ്ങളിൽ ഒരെണ്ണത്തിന് നാലണാ വരെ കിട്ടിയതായി കാണുന്നുണ്ട്. അതും ചിലദേശങ്ങളിൽ ധാരാളമായി അയയ്ക്കുന്നതിന് കൃഷിക്കാരനു മാർഗ്ഗമില്ലാതാണിരിക്കുന്നത്. ഇവിടെ ധാരാളം പഴവർഗ്ഗങ്ങളും ഉണ്ടാകുന്നുണ്ട്. അവകളും അതേനിലയിൽ അധികം ആരാ ദിവസത്തിലധികം സൂക്ഷിക്കുവാൻ സാധിക്കുകയില്ല. ഈ വക സാധനങ്ങൾക്കു, വിദേശമാർക്കറ്റുകളും കണ്ടുപിടിച്ച് അയച്ചുകൊടുക്കത്തക്ക സൗകര്യങ്ങളും ഗവണ്മെൻറ് കൃഷിക്കാരനു ചെയ്തുകൊടുക്കേണ്ടതു് അത്യാവശ്യമാകുന്നു. ബനാനാ, ആറഞ്ചസ് മുതലായ ഫലവർഗ്ഗങ്ങളും ഇവിടെ സമൃദ്ധിയായി ഉണ്ടാകുന്നുണ്ട്. ഈ ഫലവർഗ്ഗങ്ങളെ കപ്പൽകയറി അയയ്ക്കാൻ തക്കവണ്ണം കോൾഡ് സ്റ്റോറേജ് തുറമുഖങ്ങളിൽ ഏർപ്പെടുത്തി വേണ്ട സൗകര്യങ്ങളും ചെയ്തുകൊടുക്കണം. എന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

MR. C. KUMARA DAS: I am very grateful to the honorable member Mr. Muhammed for the very helpful suggestion that he gave which would be of help to us in finding out the sort of agency which could maintain the cordial relations between factory industries and cottage industries. Government are quite alive to the fact that one of the most important things they have to care about is the maintenance of cordial relations between capital and labour and it is with that end in view they have passed certain legislative measures and they will be coming into force very soon. It is hoped that in the matter of preserving peaceful relations between capital and labour these laws will go a great way.

One great difficulty which the cottage industries people find is in the marketing of their goods. It is true that in certain cases the products of cottage industries cannot compete with the products coming from the factories. Another factor also has to be considered. In the matter of cottage industries the time taken for work is not be counted. Sometimes they may work for two hours, sometimes for 10 hours and sometimes for a greater period. Also the people who work are sometimes able to produce goods at a rate at which they are even able to compete with factory goods. However the difficulty is there and when the goods are brought to the market it is always difficult to sell their goods as they have very little to help them against the more organised systems of marketing which the factory industries people have. Government are trying to find out whether the cottage industries people

LIBRARY ARCHIVES Kerala Legislative Assembly

and the factory industries people could be brought together and some means could be devised whereby this cut-throat competition could be reduced to some extent. As a matter of fact, the manufacturers of coir mats and matting at Alleppey have been trying to evolve a scheme which will be satisfactory both to capital and labour and both to foreign and Indian capital. It is somewhat discouraging to find that even among capitalists they have not been able to come to some sort of understanding.

MR. P. S. MUHAMMED: I withdraw the motion.

The motion was, by leave, withdrawn.

Motions Nos. 576 to 586.

The following motions were not moved, the time allotted for the demand having expired.

MR. M. L. JANARDANA PILLAI:

576. To reduce the allotment of Rs. 10,000 for Rubber Factory by Re. 1.

MR. M. L. JANARDANA PILLAI:

577. To reduce the allotment of Rs. 10,000 for Rubber Factory by Re. 1.

MR. J. W. TOLSON:

578. To reduce the allotment of Rs. 2,040 for Administration of Labour Laws by Re 1.

MR. M. L. JANARDANA PILLAI:

579. To reduce the allotment of Rs. 1,06,636 for Industries by Re. 1.

MR. M. L. JANARDANA PILLAI:

580. To reduce the allotment of Rs. 1,06,636 for Industries by Re. 1.

MR. K. NARAYANAPERUMAL NADAR:

581. To reduce the allotment of Rs. 1,06,636 for Industries by Re. 1.

MR. P. S. MUHAMMED:

582. To reduce the allotment of Rs. 1,06,636 for Industries by Rs. 10.

MR. P. V. MATHAI CHEMPARATHY:

583. To reduce the allotment of Rs. 1,06,636 for Industries by Re. 1.

MR. P. V. MATHAI CHEMPARATHY:

584. To reduce the allotment of Rs. 1,06,636 for Industries by Re. 1.

MR. K. KUNJU PANICKAR:

585. To reduce the allotment of Rs. 18,000 for salary and travelling allowances of expert and office staff by Re. 1

MR. P. SIVARAMA PILLAI:

586. To reduce the total allotment of Rs. 2, 78,636 under Demand XV by Rs. 1,100

The question that Government be granted a sum of Rs. 2,78,636 under Demand XV—Industries including Clay Refining and Porcelain Factory was put and carried. The grant was made.

DEMAND XVI—COMMERCIAL TRANSPORT—Rs. 11,81,250.

MR. E. G. SALTER: Sir, I rise to move for a grant not exceeding Rs. 11,81,250 under Demand XVI—Commercial Transport.

LIBRARY ARCHIVES Kerala Legislative Assembly